പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 266

19.6.2014 ലെ മറുപടിയ്ക്ക്

## സർക്കാർ എയ്ഡഡ് സ്കൂളുകളിലെ നിയമനവും നവീകരണവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി.എഫ്.തോമസ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി.യു.കുരുവിള<br>,, മോൻസ് ജോസഫ് | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | 2011 ന് ശേഷമുള്ള എയ്ഡഡ് സ്കൂൾ – കോളേജ് തലങ്ങളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | വിവിധ കാരണങ്ങളാൽ നിയമനാംഗീകാരവും ശമ്പളവും ലഭിയ്ക്കാതിരുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും നൽകുന്നതിനായി രൂപീകരിച്ച അദ്ധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ, ശമ്പളമില്ലാതെ ജോലി ചെയ്യിരുന്ന അദ്ധ്യാപകർക്ക് 1.6.2011 മുതൽ നിയമനാംഗീകാരം നൽകി. സംസ്ഥാനത്ത് യു.ഐ.ഡി അനുസരിച്ച് കുട്ടികളുടെ എണ്ണം കണക്കാക്കുന്നതിനും അതിനനുസരിച്ച് തസ്തിക നിർണ്ണയവും നിയമനാംഗീകാരവും നൽകുന്നതിനും 1.10.2011 ലെ സ.ഉ.(പി) നം. 199/11/പൊവിവ പ്രകാരം തീരുമാനമാവുകയും കുട്ടികളുടെ യു.ഐ.ഡി എടുക്കുന്ന പ്രക്രിയപൂർത്തിയാകുന്നതിനുവേണ്ടി |

| | | | |
|---|---|---|---|
| | | | 2010-11 ലെ തസ്തിക നിർണ്ണയം തന്നെ 2011-12 ലും 2012-13 ലും തുടർന്നു. എന്നാൽ റിട്ടയർമെന്റ്, രാജി , മരണം പ്രൊമോഷൻ എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് തടസ്സം ഇല്ലായിരുന്നു. 2013-14 ലെ തസ്തികനിർണ്ണയം 29.11.2013 ലെ സ.ഉ.(പി) നം. 313/13/പൊവിവ പ്രകാരം യു.ഐ.ഡി അനുസരിച്ച് നടത്തുവാൻ ഉത്തരവാകുകയും ഇക്കാര്യത്തിന്മേൽ ബഹു.ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്ന സ്കൂളുകളിലൊഴികെ മറ്റ് സ്കൂളുകളിൽ ഭാഗികമായി പൂർത്തിയാക്കിയിട്ടുമുണ്ട്. കോളേജ് തലങ്ങളിലെ നിയമനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | സർക്കാർ എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിന് നൽകിവരുന്ന സഹായങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | സർക്കാർ സ്കൂളുകളുടെ നവീകരണത്തിന് എസ്.എസ്.എ., ആർ.എം.എസ്.എ പദ്ധതികൾ വഴിയാണ് ഇപ്പോൾ ഫണ്ട് നൽകുന്നത്. ഇത് ഓരോ വർഷവും വർദ്ധിപ്പിച്ച് നൽകാറുണ്ട്. 27.9.2013 ലെ സ.ഉ.(പി) 261/13/പൊവിവ പ്രകാരം എയ്ഡഡ് സ്കൂളുകൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**